**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 357** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഡയാലിസിസ് ചെയ്യുന്ന രോഗികൾക്കുള്ള ധനസഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വൃക്ക സംബന്ധമായ അസുഖം ബാധിച്ച് ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് മാസം 4000 രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതിയുടെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ; | (എ) | ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ അവലംബിക്കേണ്ട സബ്സിഡി, ധനസഹായം അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ 28.05.2022 ലെ സ.ഉ.(കൈ)നം.115/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ഖണ്ഡിക 7.6.7 ൽ വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്നതിനുള്ള വിശദമായ മാർഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വരുമാന പരിധിക്ക് വിധേയമായി എല്ലാ വിഭാഗം വൃക്ക രോഗികൾക്കും ഡയാലിസിസ് നടത്തുന്നതിന് ആഴ്ചയിൽ 1000 രൂപ എന്ന ക്രമത്തിൽ പ്രതിമാസം പരമാവധി 4000 രൂപ വരെ അനുവദിക്കാവുന്നതാണ്. ഈ തുക ഗുണഭോക്താവിന് നേരിട്ട് നൽകുന്നതല്ല. ഡയാലിസിസ് നടത്തുന്ന ആശുപത്രിക്ക് അതത് നിർവഹണ ഉദ്യോഗസ്ഥൻ (മെഡിക്കൽ ഓഫീസർ) മുഖേനയാണ് കൈമാറുന്നത്. സർക്കാർ, സ്വകാര്യ ആശുപത്രികളിൽ നടത്തുന്ന ഡയാലിസിസിന് ധനസഹായം അനുവദിക്കാം. ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഇതിനായി പദ്ധതി ഏറ്റെടുക്കാവുന്നതാണ്. ഗ്രാമ പ്രദേശങ്ങളിൽ ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിച്ച് സംയുക്തമായും ഏറ്റെടുക്കാവുന്നതാണ്. |
| (ബി) | പരിഷ്കരിച്ച പദ്ധതി എന്ന് മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 2022-23 വാർഷിക പദ്ധതി മുതൽ ഇതുസംബന്ധിച്ച പ്രോജക്ടുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ | (സി) | ഗ്രാമ പഞ്ചായത്തുകളിൽ നിന്നും നഗരസഭകളിൽ |

| | | | |
|---|---|---|---|
| | ലഭിക്കുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ? | | നിന്നും വാർഷിക പദ്ധതിയുടെ ഭാഗമായി സബ്സിഡി ധനസഹായം നൽകുന്നതിനുള്ള പൊതു മാനദണ്ഡമെന്ന നിലയിൽ നിശ്ചയിക്കപ്പെട്ട വരുമാനപരിധിയാണ് ഈ പദ്ധതിക്കും ബാധകമാക്കിയിട്ടുള്ളത്. പൊതു വിഭാഗത്തിൽ പെട്ട വൃക്ക രോഗികൾക്ക് രണ്ടു ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് 3 ലക്ഷം രൂപയിൽ താഴെയും ആയിരിക്കണം കുടുംബ വാർഷിക വരുമാനം. ഈ പരിധിയിൽ കൂടുതൽ വാർഷികവരുമാനമുള്ള കുടുംബങ്ങൾ ധനസഹായത്തിന് അർഹരല്ല. പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി പരിഗണിക്കാതെ ആനുകൂല്യം നൽകാവുന്നതാണ്. പ്രോജക്ട് ഏറ്റെടുക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുമ്പോൾ അർഹരായവർക്ക് അപേക്ഷിക്കാവുന്നതാണ്. ഡയാലിസിസ് സംബന്ധമായ രേഖകളും ഹാജരാക്കണം. ലഭിക്കുന്ന അപേക്ഷകളുടെ അർഹത ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനം പരിശോധിച്ച്, നിലവിലുള്ള മാനദണ്ഡപ്രകാരം ഗുണഭോക്തൃ പട്ടിക അന്തിമമാക്കുകയും ഇങ്ങനെ അന്തിമമാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്നും പ്രോജക്ടിലെ വ്യവസ്ഥകൾ പ്രകാരം സഹായം ലഭിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ